**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1340** **18-01-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരത മിഷന്റെ സാങ്കേതിക തസ്തികകളിലെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സാക്ഷരത മിഷന്റെ സാങ്കേതിക തസ്തികയിലുള്ളവർക്ക് ശമ്പളം നൽകാൻ സംസ്ഥാന ഖജനാവിൽ നിന്ന് ചെലവിട്ടത് 8.45 കോടിയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | സാക്ഷരതാമിഷനിൽ നിലവിലൽ സാങ്കേതിക തസ്തികകൾ ഒന്നും ഇല്ല |
| (ബി) | 2016 സെപ്റ്റംബർ മുതൽ 2020 ജൂൺ വരെയുള്ള കാലഘട്ടത്തിൽ സാക്ഷരത മിഷനിൽ 14 ജില്ലാ കോഡിനേറ്റർമാരും 36 ജില്ലാ പ്രോജക്റ്റ് അസിസ്റ്റന്റ് കോഡിനേറ്റർമാരും ജോലി ചെയ്ത തസ്തികകൾ ധനവകുപ്പോ ശമ്പള കമ്മീഷനോ അംഗീകരിച്ചിട്ടുള്ളതല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പ്രോജക്ട് അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ എന്നീ തസ്തികകൾ സാക്ഷരതാമിഷനിൽ ഇല്ല. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, അസി. പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നീ തസ്തികകളാണ് സാക്ഷരതാമിഷനിൽ ഉള്ളത്. 2016ൽ ധനകാര്യവകുപ്പ് നടത്തിയ പരിശോധനയെ ത്തുടർന്ന് അധികമെന്ന് കണ്ടെത്തിയ എല്ലാ കരാർ നിയമനങ്ങളും റദ്ദ് ചെയ്തിട്ടുണ്ട്. നിലവിൽ 14 ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരും 17 അസി. പ്രോജക്ട് കോ-ഓർഡിനേറ്റർമാരുമാണ് ജോലി ചെയ്തുവരുന്നത്. ആയതിനാൽ തന്നെ സാക്ഷരതാമിഷനിൽ 2020 ജൂൺ വരെ 36 അസിസ്റ്റൻറ് പ്രോജക്ട് കോ-ഓർഡിനേറ്റർമാർ ജോലി ചെയ്തുവരുന്നില്ല. |
| (സി) | 2015 വരെ ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് 14,000 രൂപയും ജില്ലാ പ്രോജക്ട് അസിസ്റ്റന്റ് കോഡിനേറ്റർമാർക്ക് 11,500 രൂപയും വേതനമായി നൽകിയിരുന്നത് 2016 സെപ്റ്റംബർ മുതൽ മുൻകാല പ്രാബല്യത്തോടെ യഥാക്രമം 39500, 32300 എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ ആയതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ വകുപ്പുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റ് മുഖേന പ്രവർത്തിക്കുന്ന ഇതരസ്ഥാപനങ്ങളിലുമുള്ള ദിവസവേതന/കരാർ/താത്കാലിക ജീവനക്കാ രുടെ ശമ്പളം പുനർ നിർണ്ണയിച്ചതിന്റെ ഭാഗമായാണ് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 14000/- രൂപയും അസി. പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 11900/- രൂപയും വേതനം എന്നത് സ.ഉ.(സാധാ)നം. 2904/2016/പൊ.വി.വ പ്രകാരം യഥാക്രമം 39500/-, 32300/- എന്നിങ്ങനെ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | അധ്യാപക യോഗ്യത നിർബന്ധമല്ലാത്ത, അധ്യാപക ജോലി ചെയ്യാത്ത ഇത്തരം കരാർ ജീവനക്കാർക്ക് വൻ ശമ്പള വർദ്ധന നൽകിയതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | (ഡി) | സർക്കാർ വകുപ്പുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റ് മുഖേന പ്രവർത്തിക്കുന്ന ഇതരസ്ഥാപനങ്ങളിലുമുള്ള ദിവസവേതന/കരാർ/താത്കാലിക ജീവനക്കാ രുടെ ശമ്പളം പുനർ നിർണ്ണയിച്ചതിന്റെ ഭാഗമായാണ് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 14000/- രൂപയും അസി. പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 11900/- രൂപയും വേതനം എന്നത് സ.ഉ.(സാധാ)നം. 2904/2016/പൊ.വി.വ പ്രകാരം യഥാക്രമം 39500/-, 32300/- എന്നിങ്ങനെ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം സർക്കാരോ വിദ്യാഭ്യാസ വകുപ്പോ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1340 18/01/2021 ൽ മറുപടിയ്ക്ക്

## സാക്ഷരത മിഷന്റെ സാങ്കേതിക തസ്തികകളിലെ ശമ്പളം

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സാക്ഷരത മിഷന്റെ സാങ്കേതിക തസ്തികയിലുള്ളവർക്ക് ശമ്പളം നൽകാൻ സംസ്ഥാന ഖജനാവിൽ നിന്ന് ചെലവിട്ടത് 8.45 കോടിയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) സാക്ഷരതാമിഷനിൽ നിലവിൽ സാങ്കേതിക തസ്തികകൾ ഒന്നും ഇല്ല. |
| (ബി) 2016 സെപ്റ്റംബർ മുതൽ 2020 ജൂൺ വരെയുള്ള കാലഘട്ടത്തിൽ സാക്ഷരത മിഷനിൽ 14 ജില്ലാ കോഡിനേറ്റർമാരും 36 ജില്ലാ പ്രോജക്റ്റ് അസിസ്റ്റന്റ് കോഡിനേറ്റർമാരും ജോലി ചെയ്ത തസ്തികകൾ ധനവകുപ്പോ ശമ്പള കമ്മീഷനോ അംഗീകരിച്ചിട്ടുള്ളതല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പ്രോജക്ട് അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ എന്നീ തസ്തികകൾ സാക്ഷരതാമിഷനിൽ ഇല്ല. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, അസി. പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നീ തസ്തികകളാണ് സാക്ഷരതാമിഷനിൽ ഉള്ളത്. 2016ൽ ധനകാര്യവകുപ്പ് നടത്തിയ പരിശോധനയെത്തുടർന്ന് അധികമെന്ന് കണ്ടെത്തിയ എല്ലാ കരാർ നിയമനങ്ങളും റദ്ദു ചെയ്തിട്ടുണ്ട്. നിലവിൽ 14 ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരും 17 അസി. പ്രോജക്ട് കോ-ഓർഡിനേറ്റർമാരു മാണ് ജോലി ചെയ്തുവരുന്നത്. ആയതിനാൽ തന്നെ സാക്ഷരതാമിഷനിൽ 2020 ജൂൺ വരെ 36 അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർമാർ ജോലി ചെയ്തുവരുന്നില്ല. |
| (സി) 2015 വരെ ജില്ലാ പ്രോജക്റ്റ് ഓഫീസർമാർക്ക് 14,000 രൂപയും & ജില്ലാ പ്രോജക്റ്റ് അസിസ്റ്റന്റ് കോഡിനേറ്റർമാർക്ക് 11,500 രൂപയും | (സി) (ഡി) സർക്കാർ വകുപ്പുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റ് മുഖേന പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളിലുമുള്ള |

| | | | |
|---|---|---|---|
| | വേതനമായി നൽകിയിരുന്നത് 2016 സെപ്റ്റംബർ മുതൽ മുൻകാല പ്രാബല്യത്തോടെ യഥാക്രമം 39500, 32300 എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ ആയതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | | ദിവസവേതന/കരാർ/താത്കാലിക ജീവനക്കാരുടെ ശമ്പളം പുനർ നിർണ്ണയിച്ചതിന്റെ ഭാഗമായാണ് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 14000/- രൂപയും അസി. പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 11900/- രൂപയും വേതനം എന്നത് സ.ഉ.(സാധാ)നം. 2904/2016/പൊ.വി.വ പ്രകാരം യഥാക്രമം 39500/-, 32300/- എന്നിങ്ങനെ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്. |
| (ഡി) | അധ്യാപക യോഗ്യത നിർബന്ധമല്ലാത്ത, അധ്യാപക ജോലി ചെയ്യാത്ത ഇത്തരം കരാർ ജീവനക്കാർക്ക് വൻ ശമ്പള വർദ്ധന നൽകിയതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം സർക്കാരോ വിദ്യാഭ്യാസ വകുപ്പോ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ